**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 970** — **24-02-2022 - ൽ മറുപടിയ്ക്ക്**

**ഉടുമ്പനാശ്ശേരി ചിറയും മേൽപ്പാലവും നവീകരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മങ്കട നിയോജകമണ്ഡലത്തിലെ ചെറുപുഴയിൽ നിർമ്മിച്ച ഉടുമ്പനാശ്ശേരി ചിറയുടെയും മേൽപ്പാലത്തിന്റെയും കാലപ്പഴക്കം കാരണം വെള്ളം സംഭരിച്ചുനിർത്താൻ കഴിയാത്തവിധം ബലക്ഷയം സംഭവിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി നവീകരിക്കാത്തത് കാരണം കർഷകരും പാലത്തിലൂടെ യാത്ര ചെയ്യേണ്ടി വരുന്നവരും വളരെയധികം ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നവീകരിയ്ക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉടുമ്പനാശ്ശേരി ചിറയും മേൽപ്പാലവും നവീകരണം എന്ന പ്രവൃത്തിയുടെ 170 ലക്ഷം തുക വരുന്ന പ്രൊപ്പോസൽ 2022-23 Budget Annexure - II Volume - II sl . No 723 ആയി ഭരണാനുമതി ഇല്ലാത്ത പ്രവൃത്തികളിൽ ഉൾപ്പെടുത്തുന്നതിനായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. |
| (സി) | പ്രസ്തുത പ്രദേശത്തെ നെൽകൃഷിയ്ക്കും മറ്റ് കൃഷികൾക്കും കുടിവെള്ളത്തിനും ആശ്രയമായ ഈ പദ്ധതി അടിയന്തരമായി നവീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉടുമ്പനാശ്ശേരി ചിറയും മേൽപ്പാലവും നവീകരണം എന്ന പ്രവൃത്തിയുടെ 170 ലക്ഷം തുക വരുന്ന പ്രൊപ്പോസൽ 2022-23 Budget Annexure - II Volume - II sl . No 723 ആയി ഭരണാനുമതി ഇല്ലാത്ത പ്രവൃത്തികളിൽ ഉൾപ്പെടുത്തുന്നതിനായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ